സ.ഉ.(സാധാ) നം.437/2023/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ -ജീവനക്കാര്യം - ആലപ്പുഴ ജില്ലാ ശുചിത്വമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന തിരുരങ്ങാടി ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ. മുഹമ്മദ് കുഞ്ഞ് ആശാന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.437/2023/LSGD തീയതി,തിരുവനന്തപുരം, 20-02-2023

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(പി) നം. 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 60/2021/തസ്വഭവ തീയതി 9/01/2021.
4. സ.ഉ.(സാധാ) നം. 595/2022/തസ്വഭവ തീയതി 11/03/2022.
5. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/01/2023-ലെ 2788/ബി/2021/എസ്.എം. നമ്പർ കത്ത്.

ഉത്തരവ്

തിരുരങ്ങാടി ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ. മുഹമ്മദ് കുഞ്ഞ് ആശാനെ ആലപ്പുഴ ജില്ലാ ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിക്കുകയും പരാമർശം (4) പ്രകാരം അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ. മുഹമ്മദ് കുഞ്ഞ് ആശാന്റെ അന്യത്രേസവന കാലാവധി 30.01.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ ശുചിത്വമിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന തീരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം) ആയ ശ്രീ. മുഹമ്മദ് കുഞ്ഞ് ആശാന്റെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം-I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാർമശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി, 30.01.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ഉ.(സാധാ) നം.437/2023/LSGD

കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (കമ്മീഷണർ, ഗ്രാമ വികസന വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറ. (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/13/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 20-02-2023 15:10:06